LIBRARY ARCHIVES Kerala Legislative Assembly

(സി) തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട: ജസ്റ്റിസ് കൃഷ്ണൻനായരെ കമ്മീഷനായി നിയമിക്കുകയും കമ്മീഷന്റെ ശിപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകുകയും 22-1-2021-ലെ സ.ഉ. (കൈ)നമ്പർ 6/2021/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും മേൽനോട്ടത്തിനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കേണ്ടതുണ്ട്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽകൊണ്ടുവരികയും ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുകയും ചെയ്യുന്നു.

**വൈദ്യുതി മേഖലയിലെ വ്യവസായ സൗഹൃദസമീപനം**

168(5327) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും വ്യാവസായിക മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്, വാളയാർ എന്നീ സ്ഥലങ്ങളിലെ വ്യവസായ എസ്റ്റേറ്റുകളിൽ മാത്രമാണ് 22 കെ.വി വൈദ്യുതി വിതരണം നിലവിലുള്ളത്. എല്ലാ വ്യാവസായിക എസ്റ്റേറ്റുകളിലും മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാൻ മേൽപ്പറഞ്ഞ മേഖലകളിലെ കമ്പനികൾക്ക് അനുമതി നൽകുമോ?

KSERC (Connectivity and Open Access) Regulations 2013-ൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങാവുന്നതാണ്.

(സി) പുതിയ വ്യവസായങ്ങൾക്കും നിലവിലുള്ള ഫാക്ടറികളുടെ വിപുലീകരണ യൂണിറ്റുകൾക്കും ഇലക്ട്രിക് ഡ്യൂട്ടി നൽകുന്നതിൽനിന്ന് അഞ്ചുവർഷത്തെ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 പ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കിവരുന്നത്. ഇതിൽ ഭേദഗതി വരുത്തി ഇളവുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുറത്തുനിന്ന് പാരമ്പര്യേതര സ്രോതസ്സിൽനിന്നുള്ള വൈദ്യുതി വാങ്ങാൻ ക്രോസ് സബ്സിഡി ചാർജ്ജ്, ഗ്രിഡ് സപ്പോർട്ട് ചാർജ്ജ് എന്നിവ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

KSERC (Connectivity and Open Access) Regulations 2013 പ്രകാരമാണ് ക്രോസ് സബ്സിഡി സർചാർജ്ജ് ഈടാക്കുന്നത്. KSERC (Renewable Energy and Net Metering) Regulations 2020 പ്രകാരമാണ് ഗ്രിഡ് സപ്പോർട്ട് സർചാർജ്ജ് ഈടാക്കുന്നത്. KSERC റെഗുലേഷനുകളിൽ നിഷ്കർഷിക്കുന്ന ചാർജ്ജുകൾ ഒഴിവാക്കുവാൻ നിർവ്വാഹമില്ല.

**പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി**

169(5328) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതിയുത്പാദനം വർദ്ധിപ്പിച്ച് 25 ശതമാനം വാർഷിക വളർച്ച കൈവരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly